**പതിനാലാം കേരളനിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3909** — **12.12.2018-ൽ മറുപടിക്ക്**

## പിറവം മുനിസിപ്പാലിറ്റി കൗൺസിലർക്കെതിരായ കേസ്

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) പിറവം താലൂക്ക് ആശുപത്രിയിൽ അതിക്രമിച്ച് കയറി, ചികിത്സയിലായിരുന്ന ലാലു മത്തായി എന്ന കോൺഗ്രസ് പ്രവർത്തകനെ 24.11.2018-ന് പിറവം മുനിസിപ്പാലിറ്റിയിലെ സി.പി.എം. കൗൺസിലറായ അജേഷ് മനോഹർ ആക്രമിക്കയും കൈയ്യേറ്റം ചെയ്ത് ഗുരുതരമായി പരിക്കേല്പിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത സംഭവ ദിവസംതന്നെ പ്രസ്തുത കൗൺസിലർ പോലീസ് ജീപ്പിൽ നിന്ന് എൽ.ഡി.എഫ്. അനുഭാവികളായ കൂട്ടുപ്രതികളെ ബലമായി മോചിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) പ്രസ്തുത സംഭവങ്ങൾ സംബന്ധിച്ച് പോലീസ് കേസെടുത്തിട്ടുണ്ടോ;ഉണ്ടെങ്കിൽ ഏത് വകുപ്പുകൾ പ്രകാരമാണ് കേസെടുത്തത്;ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | സംഭവവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>1. പിറവം പോലീസ് സ്റ്റേഷൻ ക്രൈം.നം.1202/18 u/s 341,294(b), 323,506(1) & 34 IPC.<br>2. പിറവം പോലീസ് സ്റ്റേഷൻ ക്രൈം.നം.1207/18 u/s 225B,353, 34 IPC.<br>ഇതിൽ ആദ്യ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) കേസന്വേഷണത്തിൽ പ്രസ്തുത സംഭവത്തിന്റെ സി.സി.ടി.വി.ദൃശ്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ആശുപത്രിയിൽ അതിക്രമിച്ച് കയറി ചികിത്സയിലിരിക്കുന്ന ഒരാളെ ആക്രമിക്കുകയും പോലീസ് ജീപ്പിൽനിന്ന് കൂട്ടു പ്രതികളെ ബലമായി മോചിപ്പിക്കുകയും ചെയ്ത ദൃശ്യങ്ങൾ തെളിവായുള്ള കേസ്, സ്റ്റേഷൻ ജാമ്യം നല്കാവുന്ന ഒന്നാണോയെന്ന് വ്യക്തമാക്കുമോ; | (ഇ) | ക്രൈം. നം.1202/18 u/s 341,294(b), 323,506(1) & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിലേയ്ക്ക് സ്റ്റേഷൻ ജാമ്യം നൽകാവുന്നതാണ്. ക്രൈം. നം. 1207/18 U/s 225B,353,34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിലേയ്ക്ക് സ്റ്റേഷൻ ജാമ്യം നൽകാൻ കഴിയില്ല. |
| (എഫ്) | അല്ലെങ്കിൽ എന്തുകൊണ്ടാണ് ജാമ്യമില്ലാവകുപ്പ് പ്രകാരം ആദ്യം കേസെടുക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ; | (എഫ്) | ക്രൈം നം.1202/18 u/s 341,294(b), 323,506(1)& 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തും, സി.സി.റ്റി.വി ദൃശ്യങ്ങൾ പരിശോധിച്ച് പ്രതികളെ അറസ്റ്റ് ചെയ്ത് ടിയാന്മാരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്. |
| (ജി) | സംഭവം കഴിഞ്ഞ് ഇത്ര ദിവസമായിട്ടും പ്രതിയെ അറസ്റ്റ് ചെയ്യാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (ജി) | പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് ദേഹോപദ്രവം ഏൽപ്പിച്ച കാര്യത്തിന് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം. 1202/18 കേസിലേയ്ക്ക് പ്രതികളെ എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ക്രൈം. നം.1207/18 കേസിലെ പ്രതികൾ ഒളിവിൽ കഴിഞ്ഞുവരുന്നതിനാലാണ് അറസ്റ്റ് ചെയ്യാൻ സാധിക്കാത്തത്. |

**സെക്ഷൻ ഓഫീസർ.**